നടപ്പിലാക്കിവരുന്നത്. കുട്ടനാട് പാക്കേജിന് കീഴിൽ നടപ്പിലാക്കുന്ന 1840 കോടി രൂപയുടെ പദ്ധതികളിൽ ജലസേചന വകുപ്പിന് കീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾ ഒഴിച്ചുള്ള വകുപ്പുകളുടെ പദ്ധതികൾ അന്തിമഘട്ടങ്ങളിലാണ്. ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്രജല കമ്മീഷന്റെ അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്. ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വെള്ളപ്പൊക്ക നിവാരണ സ്കീമിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ സ്കീമിൽ പദ്ധതികളുടെ 75 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരും വഹിക്കേണ്ടതിനാൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണത്തിനുള്ള ആദ്യ ഗഡുവിനായി കേന്ദ്ര ജല കമ്മീഷന് അപേക്ഷ നൽകുകയും സംസ്ഥാന വിഹിതമായി 13.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച 300 കോടി രൂപയിൽ ബാക്കിയുള്ള 96.62 കോടി രൂപ കേന്ദ്ര സർക്കാർ റിലീസ് ചെയ്താലെ ടി പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും കേന്ദ്രം അറിയിച്ചിട്ടുണ്ട്. സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

ജൈവകൃഷി വ്യാപനം

22 (*292) ശ്രീമതി കെ. എസ്. സലീഖ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ജൈവകൃഷി വ്യാപനത്തിന് എത്ര തുക അനുവദിച്ചു ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(ബി) സർക്കാർ നടപടികളിലൂടെ ജൈവകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജൈവകൃഷി ജനകീയമാക്കുന്നതിന് സി.പി.ഐ. (എം) മുൻകൈയെടുത്ത് രൂപം നൽകിയ പദ്ധതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ നിലവിലുള്ള ജൈവകൃഷി വ്യാപന പദ്ധതിയിൽ ഇത്തരം ജനകീയ ഇടപെടലുകളെ കൂടി ഉൾപ്പെടുത്താൻ മുൻകയ്യെടുക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഈ സർക്കാർ 2011-ൽ അധികാരത്തിൽ വന്നതിനു ശേഷം ജൈവ കൃഷി വ്യാപനത്തിന് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

2011-12	450 ലക്ഷം രൂപ
2012-13	519.25 ,,
2013-14	990 ,,
2014-15	850 ,,

ചുവടെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട് :

2011-12	450 ലക്ഷം രൂപ
2012-13	279.48 ,,
2013-14	830.85 ,,
2014-15	337.00 ,,

(ബി) ഉണ്ട്. 2012-13 മുതൽ കൃഷി ഡിപ്പാർട്ടുമെന്റുവഴി നടപ്പിലാക്കിവരുന്ന ഒരു ബൃഹത്തായ പദ്ധതിയാണ് പച്ചക്കറി വികസന പദ്ധതി. വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിച്ച് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ജൈവ കീടരോഗ നിയന്ത്രണ മാർഗ്ഗത്തിന് പ്രാമുഖ്യം നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിയുടെ ഒരു പ്രധാന ഘടകമായ വീട്ടുവളപ്പിലെ പച്ചക്കറികൃഷി കൂടുതലും ജൈവരീതിയിലാണ് ചെയ്യുന്നത്. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറികൃഷിയും ജൈവകൃഷി രീതിയെ മുൻ നിർത്തിയാണ് നടപ്പിലാക്കിവരുന്നത്. മേൽ പദ്ധതി പ്രകാരം ജൈവ കൃഷി രീതിയിലുള്ള പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ സാധിച്ചതായി വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജൈവ പച്ചക്കറി കൃഷിക്കാവശ്യമായ വിത്ത്, ഗ്രോബാഗ് മുതലായവ വിതരണം ചെയ്ത് വീട്ടുവളപ്പിലും മട്ടുപ്പാവിലുമുള്ള ജൈവാധിഷ്ഠിതമായ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2012 വർഷത്തിൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി ജൈവ കൃഷി നടപ്പിലാക്കുന്നതിന് ജൈവകൃഷി ക്ലസ്റ്റർ സമീപനം സ്വീകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ കൃഷി ഭവനിലും 100 മുതൽ 115 ഹെക്ടർവരെ വിസ്തൃതിയുള്ള ക്ലസ്റ്ററുകൾ രൂപീകരിച്ച് ബോധവത്കരണം നടത്തി ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കുന്നു.

കൂടാതെ റൂറൽ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് എന്നിവ വഴി ജൈവ വളങ്ങളുടെ നിർമ്മാണം, കുരുമുളക് കൃഷി, കന്നുകുട്ടി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി, നേന്ത്രവാഴ കൃഷി ജൈവ കീടനാശിനിയായ "നന്മ" യുടെ ഉപയോഗം, ജീവാമൃതം, ജൈവവേലി, ബയോഗ്യാസ് പ്ലാന്റ് ഉള്ളവർക്ക് സ്ലറി പമ്പ്, മത്സ്യ വളർത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി മാതൃകാ കൃഷിത്തോട്ടം സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കുന്നു. ക്ലസ്റ്ററുകൾ അടിസ്ഥാനമാക്കി ഏകദേശം 6000 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ജൈവകൃഷി നയത്തിന്റെ ഭാഗമായി ഘട്ടംഘട്ടമായി സംസ്ഥാനത്ത് ജൈവകൃഷി ജനകീയമായി നടപ്പിലാക്കുന്നതിനുവേണ്ടി സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം എന്ന പദ്ധതി 2014-15 വർഷം ആരംഭിച്ചു. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.മാർ ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കൃഷി അനുബന്ധ മേഖലാ വകുപ്പുകൾ എന്നിവരുടെ യോഗങ്ങൾ നടത്തുകയുണ്ടായി. ഓരോ നിയോജക മണ്ഡലങ്ങൾക്കും അനുയോജ്യമായ കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

ഫ്ളക്സ് ബോർഡ് നിരോധനം

23 (*293) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ചടങ്ങുകളിലും പരസ്യങ്ങളിലും ഫ്ളക്സ് ബോർഡുകൾ പൂർണ്ണമായും നിരോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; പ്രസ്തുത തീരുമാനം നടപ്പിലാക്കുകയുണ്ടായോ ;